(8 pages) **Reg. No. : ...............................**

**Code No. : 10775** **Sub. Code : E1MY11**

U.G. (CBCS) DEGREE EXAMINATION,

NOVEMBER 2023.

First Semester

Part I — Malayalam

PROSE, COMPOSITION AND TRANSLATION

(For those who joined in July 2023 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

1. മലയാളത്തിലെ ആദ്യത്തെ ചെറുകഥ ഏത്?

   (a) മോതിരം (b) കാൽച്ചക്രം

   (c) വാസനാവികൃതി (d) മുടുപടത്തിൽ

2. 'നിങ്ങളും പാർവ്വതിയും സമംസമം' - ആരെക്കുറിച്ചാണ് ഈ പരാമർശം?

   (a) നളിനി (b) ഉണ്ണിമ

   (c) ശോശാമ്മ (d) കുഞ്ഞുമർസലി

3. 'മാറുന്ന മലയാള നോവൽ' ആരുടെ കൃതിയാണ്?

   (a) പി.കെ. രാജശേഖരൻ

   (b) എം.എം. ബഷീർ

   (c) കെ.പി. അപ്പൻ

   (d) സി.വി. വാസുദേവഭട്ടതിരി

4. എം.ടി. വാസുദേവൻനായർക്ക് ജ്ഞാനപീഠ പുരസ്ക്കാരം ലഭിച്ച വർഷം

   (a) 1995 (b) 1990

   (c) 1994 (d) 1997

5. "ഇപ്പോളതു ദൈവത്തിന്റെയാ മക്കളേ, മേടിച്ചോളൂ" - ആരാണ് ഇങ്ങനെ പറയുന്നത്?

   (a) ശേഖരന്റെ അമ്മ (b) കുട്ടപ്പന്റെ അമ്മ

   (c) മുത്തുവിന്റെ അമ്മ (d) ഗോപാലന്റെ അമ്മ

6. 'അമ്പലപ്പറമ്പിൽ' എന്ന കഥയിലെ പ്രധാന കഥാപാത്രമാണ്

   (a) അപ്പുക്കുട്ടൻ (b) ബലരാമൻ

   (c) ഗോപാലൻ (d) ശേഖരൻ



*Nesamony Memorial Christian College, Marthandam*

7. 'രണ്ടാമൂഴം' എന്ന നോവൽ എഴുതിയതാര്?

(a) എം.ടി. വാസുദേവൻ നായർ

(b) ഉറൂബ്

(c) കേശവദേവ്

(d) ബഷീർ

8. 'ബാലഗോപാലന്റെ ജീവൻ രക്ഷിച്ചത് എന്നും ഓർത്തിരിക്കാൻ ഒരു ചെറിയ സമ്മാനം തരുന്നുണ്ട്.' ആരാണിങ്ങനെ പറഞ്ഞത്?

(a) കുഞ്ചുനായർ  (b) തുപ്പൻ നമ്പൂതിരി

(c) രാമൻപിള്ള  (d) എന്യൂമറേറ്റർ

9. വേലു, തന്റെ റിക്ഷയിൽ സ്കൂളിൽ കൊണ്ടുപോയി വിട്ടിരുന്ന ബാലന്റെ പേരെന്ത്?

(a) അപ്പുക്കുട്ടൻ  (b) ബലരാമൻ

(c) ഗോപാലൻ  (d) സുധാകരൻ

10. "ഈ കുറ്റിയേൽ വേറൊരു ഉരുവിനെ കെട്ടിയിട്ടുണ്ട്" - ആരുടെ വാക്കുകൾ?

(a) മുത്തു  (b) തങ്കമ്മ

(c) ശേഖരൻ  (d) കുട്ടപ്പൻ



PART B — (5 × 5 = 25 marks)

രണ്ടരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

11. (a) "ഇവൻ ഒരു കമ്മ്യൂണിസ്റ്റാണെന്നു തോന്നുന്നല്ലോ" - സന്ദർഭം കുറിച്ച് ആശയം വിശദമാക്കുക.

അല്ലെങ്കിൽ

(b) "അവളുടെ ദുഃഖം പങ്കുവച്ചെടുക്കാൻ എനിക്കാശയുണ്ട്" - ആരുടെ വാക്കുകൾ? പ്രസ്തുതമെന്ത്?

12. (a) നാലുകെട്ടിലെ ശങ്കരൻ നായർ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) അപ്പുണ്ണിയുടെ ജീവിതത്തെ നിർണ്ണായകമായി സ്വാധീനിക്കുന്നയാളാണ് 'സെയ്താലിക്കുട്ടി' - ശരിയോ? പരിശോധിക്കുക.

13. (a) "നോയ്ക്കോ, നീയാ കൊച്ചുങ്ങളെ പട്ടിണിക്കിട്ടു കൊല്ലരുതു കേട്ടോ. ദൈവശോദ്യോണ്ടാകും" - ആര് ആരോടു പറയുന്നതാണിത്? വിവരിക്കുക.

അല്ലെങ്കിൽ

(b) "കുഞ്ചുവമ്മാവന്റെ ജീവിതസായാഹ്നം പ്രകാശവത്തായിരുന്നു" കാരണമെന്ത്?



*Nesamony Memorial Christian College, Marthandam*

14. (a) പരാവർത്തനം ചെയ്യുക

മന്ദമന്ദമെൻതാഴും മുഗ്ദ്ധമാം മുഖം പൊക്കി-
സ്സുന്ദര ദിവാകരൻ ചോദിച്ചു മധുരമായ്
"ആരു നീ,യനുജത്തീ? നിർന്നിമേഷമായെന്തെൻ
തേരു പോകവേ നേരെ നോക്കി നിൽക്കുന്നു ദൂരേ?
സൗമ്യമായ് പിന്നെപ്പിന്നെ വിടരും സ്നിഗ്ദ്ധക്കണ്ണാൽ
രമ്യമായ് വീക്ഷിക്കുന്നു തിരിഞ്ഞു തിരിഞ്ഞെന്നെ;
വല്ലതും പറയുവാനാഗ്രഹിക്കുന്നുണ്ടാവാ-
മില്ലയോ? തെറ്റാണൂഹമെങ്കിൽ ഞാൻ ചോദിച്ചീല!
ഒന്നുമുത്തരം തോന്നീ, ലെങ്ങനെ തോന്നും! സർവ്വ-
സന്നുതൻ സവിതാവെങ്ങെങ്ങു നിർക്ഷന്ധം പുഷ്പം?
ആര്യമാവിനെ സ്നേഹിക്കുന്ന ധിക്കാരത്തിന്നു
സൂര്യകാന്തിയെന്നെന്നെപ്പുച്ഛിപ്പതാണീലോകം!

അല്ലെങ്കിൽ

(b) ആശയം വിപുലീകരിക്കുക

'വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ വാസമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം'

15. (a) തെറ്റു തിരുത്തുക

(i) ഇരുട്ടത്തു കണ്ണുകാണുവാൻ പ്രയാസമാണ്

(ii) ചൈനയും റഷ്യയും തമ്മിൽ പരസ്പരം കലഹിക്കുന്നു.

(iii) തൊഴിലില്ലാത്തവർക്കു പട്ടിണി കിടക്കാതെ വേറെ ഗത്യന്തരമില്ല

(iv) പൊതുനിരത്തിൽ കുറുക്കേ ഓടരുതെന്ന് കുട്ടികൾക്കും കൂടി അറിയാം

(v) ഏകശാസനത്തെ തീർച്ചയായും എതിർക്കുകയും തന്നെ വേണം

അല്ലെങ്കിൽ

(b) മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക.

Knowledge is Power

Knowledge is the key to success and those who possess knowledge are looked upon with respect. Knowledge is the basis of all strength. Knowledge can be gained through education, books and from experiences. It is not the physical strength that rules the world. It is





Nesamony Memorial Christian College, Marthandam

intelligence that rules the world. An intelligent man can use his knowledge to control thousands of men who are stronger than him. It is knowledge that drives mankind forward in various field. Money power and muscle power are only secondary to it. Today even the richest knows that knowledge gives the power which is unmatched. There are various instances in history too, which shows how men of knowledge rose into power and maintained it.

PART C — (5 × 8 = 40 marks)

അഞ്ചു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

16. (a) കാരൂരിന്റെ 'ചെകുത്താൻ' എന്ന കഥയുടെ കാലികപ്രസക്തി വിശദമാക്കുക.

അല്ലെങ്കിൽ

(b) അധ്യാപകരുടെ ജീവിതപ്രതിസന്ധികൾ 'കാൽചക്രം' എന്ന കഥയിൽ എപ്രകാരം അവതരിപ്പിച്ചിരിക്കുന്നു?

17. (a) 'മരപ്പാവകൾ' എന്ന കഥയുടെ രചനാശില്പത്തെക്കുറിച്ചുപന്യസിക്കുക.

അല്ലെങ്കിൽ

(b) 'പൂവമ്പഴം' എന്ന കഥയുടെ രചനാ സവിശേഷതകൾ വിലയിരുത്തുക.



18. (a) മലയാള ചെറുകഥാസാഹിത്യത്തിന്റെ വികാസപരിണാമങ്ങൾ വിവരിക്കുക.

അല്ലെങ്കിൽ

(b) മലയാള നോവൽസാഹിത്യത്തെക്കുറിച്ചു പന്യസിക്കുക.

19. (a) കാരൂർ കഥകളുടെ സവിശേഷതകൾ വിശദമാക്കുക.

അല്ലെങ്കിൽ

(b) തകർന്ന തറവാടുകളുടെ കഥാകാരൻ എന്ന് എം.ടി. വാസുദേവൻ നായരെ വിശേഷിപ്പിക്കുന്നതിന്റെ സാംഗത്യം പരിശോധിക്കുക.

20. (a) 'അപ്പുണ്ണിയുടെ ജീവിതയാത്രകളാണ് നാലുകെട്ട്' - പരിശോധിക്കുക.

അല്ലെങ്കിൽ

(b) നാലുകെട്ട് എന്ന നോവലിൽ തെളിയുന്ന സാമൂഹ്യചിത്രണത്തെക്കുറിച്ചുപന്യസിക്കുക.

———————



Nesamony Memorial Christian College, Marthandam